**"ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തിനു സ്തുതി"**

**PC/10/2020**

കൂത്രപ്പള്ളി
29/11/2020

സ്നേഹ.ബഹു.മദറേ, അമ്മമാരേ, സഹോദരിമാരേ,

കൂത്രപ്പള്ളിയിൽ നിന്നും സ്നേഹാശംസകൾ !

ആരാധനക്രമവത്സരത്തിന്റെ ആരംഭത്തിലേയ്ക്ക്–മംഗലവാർത്തക്കാലത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പരിശുദ്ധ അമ്മയോട് വിശേഷവിധമായ ഭക്തി പ്രകടിപ്പിക്കുന്ന ഈ മാസത്തിൽ ധാരാളം ജപമാലകൾ ചൊല്ലി ജപമാലയിലെ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ച് ജീവിതങ്ങളെ വിശുദ്ധീകരിക്കാൻ പരിശ്രമിക്കണമെന്നാഗ്രഹിക്കുന്നു. ജപമാലകൾ ചൊല്ലിത്തീർക്കുക എന്നതിനപ്പുറം അതിലെ പ്രാർത്ഥനകൾ ധ്യാനപൂർവ്വം ചൊല്ലി ജീവിതത്തിലേയ്ക്ക് ഉൾച്ചേർക്കുവാൻ നമുക്ക് പരിശ്രമം ചെയ്യാം.

നമ്മുടെ സ്ഥാപകപിതാവ് ധന്യൻ മാർതോമസ് കുര്യാളശ്ശേരിപിതാവിന്റെ വാക്കുകളിൽ "നമ്മുടെ കർത്താവിന്റെ പിറവിത്തിരുന്നാളിനുള്ള പ്രധാന ഒരുക്കം, നിങ്ങളുടെ ജീവിതത്തെ നന്നാക്കുന്നതും, പാപമാലിന്യങ്ങളിൽ നിന്ന് നിങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കുന്നതും, കല്പിക്കപ്പെട്ട നോമ്പ് യഥാശക്തി ഓരോരുത്തൻ അനുസരിച്ചുകൊണ്ട് ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരം ചെയ്യുന്നതും ആകുന്നു എന്ന് നിങ്ങൾ പ്രത്യേകം ഈ അവസരത്തിൽ ഓർക്കേണ്ടതാകുന്നു" എന്നാണ്. മാത്രമല്ല "കാലിത്തൊഴുത്തിൽ ഈശോ ലോകത്തെ പഠിപ്പിക്കുന്ന എളിമയുടെയും ദാരിദ്ര്യത്തിന്റെയും ആശയടക്കത്തിന്റെയും മൂന്നുപാഠങ്ങൾ കണ്ടുപഠിച്ച് നമ്മുടെ കർത്താവീശോമിശിഹായെ ധരിക്കാനും നമുക്കു സാധിക്കണം" എന്നും പിതാവ് ആഗ്രഹിക്കുന്നു. (PL No.44)

അമലോത്ഭവതിരുന്നാളിനൊരുക്കമായി നവംബർ 29 മുതൽ ഡിസംബർ 7 വരെ ചെറിയ ഒരു തിരുവചനധ്യാനം വാട്സാപ്പ് ഗ്രൂപ്പിൽ ഇട്ടിരിക്കുന്നത് കണ്ടുകാണുമല്ലോ. നോട്ടീസ് ബോർഡിൽ തിരുവചനഭാഗവും ചോദിക്കേണ്ട കൃപയും എഴുതി ഇടുന്നത് അഭികാമ്യമാണ്. Sr.Grace Illampally യാണ് ഈ ദിവസങ്ങളിലെ ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത്.

വ്രതനവീകരണത്തിനൊരുക്കമായി നടത്തപ്പെടുന്ന ധ്യാനത്തിന് സഹായകമായ പരി.അമ്മയെക്കുറിച്ചുള്ള ഒരു ചെറുലേഖനം ഇതോടൊപ്പം അയയ്ക്കുന്നു. Sr.Mercy Pallathusserry തയ്യാറാക്കിയതാണ്. ധ്യാനദിവസത്തിൽ Talk- ന്റെ സമയത്ത് ഈ ലേഖനം സമൂഹത്തിന് പ്രയോജനകരമായവിധത്തിൽ ആരെങ്കിലും അവതരിപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ട ബ്രിട്ടോമ്മ (Sr.John Britto Puthenparabil) 28-10-2020 -ൽ നമ്മിൽ നിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടുവല്ലോ. അമ്മയുടെ ആതുരശുശ്രൂഷ രംഗത്തെ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. ബ്രിട്ടോമ്മയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

December 1 മുതൽ ജനറലേറ്റ് തലത്തിൽ തൊടുപുഴയിലുള്ള ദിവ്യകാരുണ്യഭവനത്തോടനുബന്ധിച്ചുള്ള കേന്ദ്രത്തിൽവച്ചു നടക്കുന്ന 'ആത്മദർശൻ' പരിപാടിയിൽ (3 മാസം) പങ്കെടുക്കാനായി നമ്മുടെ പ്രൊവിൻസിൽ നിന്നും പോകുന്നവർ 5 പേരാണ്. Sr.Maryqueen, Sr.Gracilin Jose, Sr.Alice Kattakayam, Sr.Anitha Puthiyidom ഇവരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

December 1 മുതൽ April വരെ സെനക്കിളിൽ വച്ചു നടക്കുന്ന നിത്യവ്രതത്തിന് ഒരുക്കമായുള്ള പ്രണിധാൻ കോഴ്സിൽ നമ്മുടെ province നിന്നും 9 uniors പങ്കെടുക്കുന്നു. (Sr.Ans Maria Varikkasserry, Sr.Merina Muthanikad,Sr.Rosmy Pachilamakal, Sr.Anet Puthenparambil, Sr.Ansa Palathumthalackal, Sr.Mareena Plathottam, Sr.Rosy Maria

Thottukadavil, Sr.Tissy Maria Njaraparampil, Sr.Krupa Maria Kurialacherry) ഇവരേയും നമുക്കു പ്രാർത്ഥനയിൽ സ്മരിക്കാം.

20 Days ധ്യാനം ഓൺലൈനിലൂടെ 2020 നവംബർ 7 മുതൽ നവംബർ 28 വരെ നടത്തപ്പെട്ടു. വിദേശത്തും സ്വദേശത്തും ആ ധ്യാനത്തിന്റെ ഫലമെടുത്ത എല്ലാ സഹോദരിമാർക്കും പ്രത്യേകം നന്ദിയറിയിക്കുന്നു. ഓൺലൈൻ ധ്യാനത്തിന്റെ സാങ്കേതിക കാര്യങ്ങൾ നിർവ്വഹിച്ച Sr.Tessin Kadamthodu നും ഓൺലൈൻ ധ്യാനങ്ങൾ നൽകിയ Sr.Cicy Jose Kuzhipallil, Sr.Emily Thekketheruvil, Sr.Grace Ellampallil എന്നിവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.


ഒരു Youtube chanel- STEAC MEDIA ( St.Thomas Eucharistic Apostolate Changanacherry) എന്ന പേരിൽ 2020 December 8-ന് ഔദ്യോഗികമായി ആരംഭിക്കുകയാണ്. ഈ ചാനലിന്റെ പേരും (STEAC MEDIA), Logo യും തയ്യാറാക്കിയത് മീഡിയ ഗ്രൂപ്പിന്റെ സിസ്റ്റേഴ്സിന്റെ ഇടയിൽ നടത്തിയ ഓൺലൈൻ മത്സരങ്ങളിലൂടെയാണ്. പങ്കെടുത്ത 13 പേരുടെയും ലോഗോ വളരെ മനോഹരമായിരുന്നു. പേരു നിർദ്ദേശിച്ചതിനും ലോഗോ ഉണ്ടാക്കിയതിനും ഒന്നാംസമ്മാനത്തിന് അർഹയായത് Sr.Maria Rose Srankal ആണ്. സിസ്റ്ററിന് അഭിനന്ദനം അറിയിക്കുന്നു. Youtube chanel ലൂടെ ദിവ്യകാരുണ്യ ഈശോ ലോകമെങ്ങും അറിയപ്പെടട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലോകാതിർത്തികൾ വരെ സുവിശേഷം എത്തിക്കാൻ നമുക്ക് ലഭിച്ചിരിക്കുന്ന Youtube chanel എന്ന Plat Form നന്നായി ഉപയോഗിക്കാൻ സമൂഹാംങ്ങളുടെ നിർദ്ദേശങ്ങളും ക്രിയാത്മകമായ രചനകളും സ്വാഗതം ചെയ്യുന്നു. Media യുടെ Councillor Sr.Rose Kunnathupurayidom ത്തെ വിവരം അറിയിക്കാവുന്നതാണ്.

നമ്മുടെ ബഹു.ജനറാളമ്മ- മദർ ഗ്രെയ്സ് പെരുമ്പനാനിയുടെ തിരുന്നാൾ ഡിസംബർ 8-നാണ്. അതിനോടനുബന്ധിച്ച് അമ്മയുടെ നിയോഗാർത്ഥം ഒരു വി.കുർബാന ചൊല്ലിക്കുകയും വ്യക്തിപരമായി ഓരോരുത്തരും ത്യാഗപൂർവ്വം 9 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യണമെന്ന നിർദ്ദേശം ഓർമ്മിപ്പിക്കുന്നു.

അമലോത്ഭവത്തിരുന്നാളിന്റെയും പിറവിത്തിരുന്നാളിന്റെയും മംഗളങ്ങൾ ഹൃദയ പൂർവ്വം ആശംസിച്ചുകൊണ്ട്,

ഒത്തിരി സ്നേഹത്തോടെ

നിങ്ങളുടെ സ്വന്തം അമ്മ



**Sr.Mercy Nedumpuram SABS**

**Provincial Superior**